"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ആളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ 2014-16 കാലയളവിൽ സേവനമനുഷ്ഠിച്ച സെക്രട്ടറിമാർക്കെതിരെ എൻക്വയറി /ഇൻവെസ്റ്റിഗേഷൻ ആരംഭിക്കുന്നതിന് മുൻകൂർ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.2253/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 02/12/2020

പരാമർശം:- പഞ്ചായത്ത് ഡയറക്ടറുടെ 03.10.2019-ലെ PAN/538/2019-D7(DP) നമ്പർ കത്ത്

ഉത്തരവ്

ശ്രീ. ജോർജ്ജ് കരിശിങ്കൽ ബഹു. തൃശ്ശൂർ- എൻക്വയറി കമ്മീഷൻ & സ്പെഷ്യൽ ജഡ്ജ് മുമ്പാകെ ഫയൽ ചെയ്ത CMP 927/2018 നമ്പർ കേസിലെ പ്രതികളെ പ്രോസിക്യൂട്ട് ചെയ്യുന്നതിനായി സമർപ്പിച്ച പരാതിയിൽ ആളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ 2014-2016 കാലയളവിൽ സേവനമനുഷ്ഠിച്ച പഞ്ചായത്ത് സെക്രട്ടറിമാർക്കെതിരെ എൻക്വയറി/ഇൻവെസ്റ്റിഗേഷൻ ആരംഭിക്കുന്നതിനു വകുപ്പിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്നു ഉത്തരവായിരുന്നു. ടി വിഷയവുമായി ബന്ധപ്പെട്ട രേഖകൾ പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയിരുന്നു.

തുടർന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശ കത്ത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ ബഹു. വിജിലൻസ് കോടതി 17 (a) അനുസരിച്ചുള്ള മുൻകൂർ അനുമതി വാങ്ങുവാനാണ് നിർദ്ദേശിച്ചിട്ടുള്ളതെന്നും 2018 - ലെ prevention of corruption (Amendment) act-ൽ പുതുതായി ചേർത്ത് 17 a (1) പ്രസ്തുത വകുപ്പിന്റെ (b) ഖണ്ഡിക പ്രകാരം ടി ആക്ട് അനുസരിച്ച് ഔദ്യോഗിക കൃത്യനിർവഹണത്തിന്റെ ഭാഗമായി ഒരു പൊതു സേവകനെതിരെ ഒരു കുറ്റം ആരോപിക്കപ്പെട്ട സംഗതിയിൽ ഒരു പോലീസ് ഉദ്യോഗസ്ഥനും ഗവണ്മെന്റിന്റെ മുൻകൂർ അനുമതി ഇല്ലാതെ അന്വേഷണം നടത്തുവാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നുവെന്നും ഈ സാഹചര്യത്തിൽ ടി വിഷയത്തിൽ 17 (a) അനുസരിച്ചുള്ള മുൻകൂർ അനുമതി നൽകേണ്ടത് സർക്കാർ ആണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആളൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി

തസ്തികയിൽ 2014-2016 കാലയളവിൽ സേവനമനുഷ്ഠിച്ച പഞ്ചായത്ത് സെക്രട്ടറിമാർക്കെതിരെ എൻക്വയറി/ഇൻവെസ്റ്റിഗേഷൻ ആരംഭിക്കുന്നതിന് മുൻകൂർ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡീഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

2. ശ്രീ. ജോർജ് കുരിശ്ശിങ്കൽ, കുരിശ്ശിങ്കൽ ഹൗസ്, കാത്രൂർ പി.ഒ, താഴേക്കാട് വഴി, പിൻ-680697

3. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

4. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

5. വിജിലൻസ് (ഡി) വകുപ്പ് ( താങ്കളുടെ 23.6.2018 ലെ വിജി ഡി4/274/2018/വിജി കത്ത് കണ്ടാലും)

6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature Valid
Digitally signed by SUDHEER S S
Date: 2020.12.  1:55:34 IST
Reason: Approved

സെക്ഷൻ ഓഫീസർ